## വിവരക്കേടും ഒളിയജണ്ടയും

**'നാമിപ്പോൾ** സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ രാജ്യങ്ങളിൽ തീർത്തും സ്വതന്ത്രമായ തെരഞ്ഞെടുപ്പ് നടക്കുകയാണെങ്കിൽ, എന്റെ അഭിപ്രായത്തിൽ, ഇസ്‌ലാമിക് ജിഹാദോ ഇസ്‌ലാമിക് ബ്രദർഹുഡോ 85 ശതമാനം വോട്ടുകൾ നേടും. ഇത്തരമൊരു ഫലം ഈ ഘട്ടത്തിൽ നമ്മുക്കത്ര നല്ലതിനല്ല താനും.' പ്രത്യക്ഷത്തിൽ നിർദോഷമായ ഒരു പ്രസ്താവന. ഇസ്‌ലാമിസ്റ്റുകൾക്ക് ആവേശം കൊള്ളാനുള്ള വകയുമുണ്ട്. അമേരിക്കയിലെ ഡെമോക്രാറ്റിക് പാർട്ടി നേതാവും മുതിർന്ന കോൺഗ്രസ് സെനറ്ററുമായ ക്രിസ്റ്റഫർ ഡോഡിന്റെതാണ് ഈ അഭിപ്രായം. 2008-ലെ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർഥിയാവാനും ഡോഡ് ശ്രമിക്കുന്നുണ്ട്. ഒരു ചാനൽ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.



ക്രിസ്റ്റഫർ ഡോഡ്

'ഏറ്റവും മോശപ്പെട്ട അഭിപ്രായ പ്രകടനം' എന്നാണ് ശാദി ഹമീദ് ഇതിനെ വിശേഷിപ്പിക്കുന്നത് (Democracy Arsenal.org). പ്രസ്താവന ചെറുതാണെങ്കിലും അതിൽ നിറയെ വസ്തുതാപരമായ അബദ്ധങ്ങളാണ്. തീവ്രവാദ പശ്ചാത്തലമുള്ള (ഇപ്പോൾ നിലപാട് മാറ്റിയിട്ടുണ്ടെങ്കിലും) ഈജിപ്ഷ്യൻ സംഘടനയാണ് ഇസ്‌ലാമിക് ജിഹാദ്. അവർ ഇതുവരെ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടില്ല. മത്സരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുമില്ല. 'ഇസ്‌ലാമിക് ബ്രദർഹുഡ്' എന്നൊരു സംഘടന എവിടെയെങ്കിലും പ്രവർത്തിക്കുന്നതായി അറിയില്ല. ഡോഡ് ഉദ്ദേശിച്ചത് മുസ്‌ലിം ബ്രദർഹുഡ്ഡിനെയായിരിക്കും. ഈജിപ്തിൽ മാത്രമല്ല മധ്യപൗരസ്ത്യ ദേശത്തെ തന്നെ ഏറ്റവും ശക്തമായ പ്രതിപക്ഷ പ്രസ്ഥാനമായ ഒരു സംഘടനയെക്കുറിച്ച്, മൂന്ന് പതിറ്റാണ്ടായി അമേരിക്കൻ കോൺഗ്രസ്സിൽ അംഗമായി തുടരുകയും പ്രസിഡന്റാവാൻ മത്സരിക്കുകയും ചെയ്യുന്ന ഒരാൾക്കുള്ള അറിവില്ലായ്മ തന്നെ അമ്പരിപ്പിക്കുന്നുവെന്ന് ശാദി ഹമീദ് കുറിക്കുന്നു. "ബ്രദർ ഹുഡ്ഡിന് 85 ശതമാനം വോട്ട് ലഭിക്കുമെന്ന് ആരെങ്കിലും പ്രവചിച്ചതായി കേട്ടിട്ടില്ല. കൂടി വന്നാൽ 40-45 ശതമാനം വോട്ട് ലഭിച്ചേക്കും. മനസ്സിൽ തോന്നിയ ഒരു ശതമാനക്കണക്ക് ഡോഡ് പറഞ്ഞതായിരിക്കും."

ഇത്രയും വസ്തുതാപരമായ അബദ്ധങ്ങൾ. പ്രസ്താവനയുടെ അവസാന ഭാഗം ശ്രദ്ധിച്ചുവോ? ഇത്തരം സംഘടനകൾ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറുന്നത് അമേരിക്കയുടെ താൽപര്യങ്ങൾക്ക് നല്ലതിനല്ല. അതിനാൽ മധ്യപൗരസ്ത്യത്തിൽ സ്വതന്ത്രമായ തെരഞ്ഞെടുപ്പ് അനുവദിക്കരുത്. നമ്മുടെ പിന്തുണയോടെ മർദകരായ സ്വേഛാധിപതികൾതന്നെ അവിടെ ഇനിയും വാണരുളട്ടെ. പേരിൽ ഇസ്‌ലാമെന്നോ ജിഹാദെന്നോ ഒക്കെയുള്ള എല്ലാ സംഘടനകളെയും ഒറ്റ ഗണത്തിൽ പെടുത്തി ഭീകരലിസ്റ്റിൽ പെടുത്തുക എന്നത് ഡോഡിനെപ്പോലുള്ള രാഷ്ട്രീയക്കാരുടെ സ്ഥിരം പരിപാടിയാണ്. ആശയതലത്തിലും രാഷ്ട്രീയനിലപാടുകളിലും തീർത്തും വ്യത്യസ്ത വഴികളിലൂടെ സഞ്ചരിക്കുന്ന സംഘടനകളാണ് ഇഖ്‌വാനും ഇസ്‌ലാമിക് ജിഹാദും. ഇവയെ ചേർത്തു പറഞ്ഞതിലൂടെ തന്റെ വിവരക്കേടിന്റെ ആഴം വെളിപ്പെടുത്തുകയാണ് മറ്റു അമേരിക്കൻ രാഷ്ട്രീയക്കാരെപ്പോലെ ഡോഡും. മിഡിലീസ്റ്റിനെ അടുത്തറിയുന്ന ഒരാൾ പ്രസിഡന്റായി വന്നാലേ എന്തെങ്കിലും മാറ്റങ്ങൾ പ്രതീക്ഷിക്കേണ്ടതുള്ളൂ. അതിനുള്ള സാധ്യത വളരെ വിദൂരം. ■

## തെറ്റിദ്ധാരണകൾ നീക്കുന്ന വഴികാട്ടി

**ഇസ്‌ലാമും** മുസ്‌ലിംകളുമായി ബന്ധപ്പെട്ട എന്തും പാശ്ചാത്യ മാധ്യമങ്ങളിൽ വികൃതമായി ചിത്രീകരിക്കപ്പെടുന്നതിന്റെ പിന്നിൽ തൽപരകക്ഷികളുടെ നിഗൂഢ നീക്കങ്ങളുണ്ടെന്നത് ശരിതന്നെ. മാധ്യമപ്രവർത്തകർക്ക് ഈ വിഷയങ്ങളിൽ വേണ്ടത്ര അറിവില്ലാത്തതും ഇസ്‌ലാമിന്റെ പ്രതിഛായ വികലമാക്കപ്പെടാൻ കാരണമാവുന്നുണ്ട്. ബോധവത്കരണ കാമ്പയിനുകളിലൂടെ ഇത് കുറെയൊക്കെ പരിഹരിക്കാം. ഈ ലക്ഷ്യം മുൻനിർത്തി അമേരിക്കയിലെ കൗൺസിൽ ഓൺ അമേരിക്കൻ-ഇസ്‌ലാമിക് റിലേഷൻസ് (കെയർ) മാധ്യമപ്രവർത്തകർക്കായി ഒരു ബോധവത്കരണ കാമ്പയിൻ പ്രഖ്യാപിച്ചിരിക്കുകയാണ്. "ഇസ്‌ലാമിനെക്കുറിച്ചും മുസ്‌ലിംകളെക്കുറിച്ചും എഴുതുന്നവർക്കെല്ലാം ആ വിഷയത്തിൽ കൃത്യവും സുബദ്ധവുമായ വിവരങ്ങൾ നൽകേണ്ടത് ഒരു ബാധ്യതയായി ഞങ്ങൾ മനസ്സിലാക്കുന്നു"-'കെയറി'ന്റെ കമ്യൂണിക്കേഷൻ കോ-ഓർഡിനേറ്ററായ റാബിയ അഹ്മദ് പറഞ്ഞു.

തെറ്റിദ്ധാരണകൾ നീക്കാൻ ഉതകുന്ന ഒരു 'വഴികാട്ടി'യാണ് കാമ്പയിന്റെ മുഖ്യ



റാബിയ അഹ്മദ്

ആകർഷണം. A Journalist's Guide to understanding Islam and Muslims എന്ന് പേരിട്ടിരിക്കുന്ന ഈ പുസ്തകം അമേരിക്കയിലെ നാൽപതിനായിരം മാധ്യമപ്രവർത്തകർക്ക് വിതരണം ചെയ്യാനാണ് നീക്കം. ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങൾ, അധ്യാപനങ്ങൾ, ചരിത്രം എന്നിവയെക്കുറിച്ച സംക്ഷിപ്ത വിവരണമാണ് ആദ്യ ഭാഗത്ത്. പുസ്തകത്തിന്റെ വലിയൊരു ഭാഗം തെറ്റിദ്ധാരണകൾ ദൂരീകരിക്കാനായി നീക്കിവെച്ചിരിക്കുന്നു. സ്ത്രീപ്രശ്നങ്ങളിൽ ഇസ്‌ലാമിന്റെ നിലപാട്, മതസഹിഷ്ണുത, ഹിംസയോടുള്ള സമീപനം തുടങ്ങിയ വ്യാപകമായി തെറ്റിദ്ധരിക്കപ്പെട്ട വിഷയങ്ങൾ സാമാന്യം വിശദമായി വിവരിക്കുന്നു. ■

# വികസനത്തിനും ഗവേഷണത്തിനും ഫണ്ടില്ല

**വേൾഡ്** സയൻസ് ഫോറം ഈയിടെ (നവംബർ 8 മുതൽ 10 വരെ) ഹംഗറിയിലെ ബുഡാപെസ്റ്റിൽ യോഗം ചേർന്നപ്പോൾ ഏറെ ശ്രദ്ധിക്കപ്പെട്ടത് അറബ് പ്രതിനിധികളുടെ രോഷപ്രകടനങ്ങൾ. ഗവേഷണത്തിനും വികസനത്തിനും അറബ് രാജ്യ



അദ്നാൻ ബദ്ർ

ങ്ങൾ വളരെ നിസ്സാരമായ തുകയേ നീക്കിവെക്കുന്നുള്ളൂ എന്നാണ് അവരുടെ പരാതി. അതായത് ശരാശരി 0.2 ശതമാനം മാത്രം. അതേസമയം ലോക ശരാശരി 1.7 ശതമാനം ആണ്. "ഗവേഷണം, വികസനം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവക്ക് അറബ് രാജ്യങ്ങൾ മൊത്തം ചെലവിടുന്ന സംഖ്യ സൈനിക ചെലവുകൾക്ക് നീക്കിവെക്കുന്നതിനേക്കാൾ കുറവാണെന്ന് കാണാം." ജോർദാനെ പ്രതിനിധീകരിച്ച് സമ്മേളനത്തിൽ പങ്കെടുത്ത മുൻ ജോർദാനിയൻ പ്രധാനമന്ത്രി അദ്നാൻ ബദ്ർ പറഞ്ഞു. "വികസനത്തിനും ഗവേഷണത്തിനും മുഖ്യ പരിഗണന കൊടുക്കണമെന്ന് അറബ് രാജ്യങ്ങളിൽ കാര്യങ്ങൾ തീരുമാനിക്കുന്നവർക്ക് ഇനിയും തോന്നിയിട്ടില്ല."

അറബ് ഭരണാധികാരികളുടെ ദൂരക്കാഴ്ചയില്ലായ്മയാണ് മുഖ്യ പ്രശ്നം. ജനപ്രിയമായ എന്തെങ്കിലും ചെയ്യാനാണ് അവർക്ക് താൽപര്യം. ഗവേഷണത്തിന് പണം മുടക്കിയാൽ പെട്ടെന്ന് ഫലം കണ്ടെന്ന് വരില്ല. അതാണ് ഭരണാധികാരികളെ പിന്തിരിപ്പിക്കുന്നത്. ശാസ്ത്ര സാങ്കേതികരംഗങ്ങളിൽ അറബ് രാജ്യങ്ങളുടെ ഇളക്കം തട്ടാത്ത പിന്നാക്കാവസ്ഥക്ക് വേറെ കാരണങ്ങൾ തിരക്കേണ്ടതില്ല. മിക്ക അറബ് രാജ്യങ്ങളും വരുമാനത്തിന്റെ 80 ശതമാനം ജീവനക്കാർക്ക് ശമ്പളം നൽകി തീർക്കുകയാണെന്നും വിമർശനമുയർന്നു. ■

# അസ്മ, പർദ, ഫോൾകെറ്റിങ്



അസ്മ അബ്ദുൽ ഹമീദ്

**അസ്മ** അബ്ദുൽ ഹമീദിന് ഒരു കാര്യം തീർച്ചയാണ്. ഹിജാബ് ധരിച്ചിരുന്നില്ലെങ്കിൽ താൻ 'ഫോൾകെറ്റിങി' (Folketing)ൽ എത്തുമായിരുന്നു. ഡാനിഷ് പാർലമെന്റ് സഭയാണ് ഫോൾകെറ്റിങ്. നവംബർ മധ്യത്തിലാണ് ഡെന്മാർക്കിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നത്. ഇടതുപക്ഷ കക്ഷിയായ റെഡ് ഗ്രീൻ അലയൻസിന്റെ സ്ഥാനാർഥിയായിരുന്നു അസ്മ. "ഹിജാബ് ധരിച്ചതിന്റെ പേരിൽ പലരും എന്നെ വിമർശിക്കുകയും പീഡിപ്പിക്കുകയും ചെയ്തു. അറിവില്ലാത്തതുകൊണ്ട് ചെയ്തതാണ്. ഇസ്‌ലാമും ഹിജാബും എന്താണെന്ന് ഡാനിഷ് സമൂഹത്തിന് കാണിച്ചുകൊടുക്കാനാണ് ഞാൻ ശ്രമിച്ചത്." ഡെന്മാർക്കിന്റെ പാർലമെന്റ് തെരഞ്ഞെടുപ്പുചരിത്രത്തിൽ -ഒരു പക്ഷേ യൂറോപ്പിന്റെ തന്നെ- ആദ്യമായാണ് ഒരു മുസ്‌ലിം സ്ത്രീ ഹിജാബ് ധരിച്ച് മത്സരരംഗത്തിറങ്ങുന്നത്. അതേസമയം നാല് മുസ്‌ലിംകൾ ഡാനിഷ് പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇവരിൽ രണ്ടു പേർ സ്ത്രീകളാണ്. മുൻ പാർലമെന്റിൽ മൂന്ന് മുസ്‌ലിം അംഗങ്ങളേ ഉണ്ടായിരുന്നുള്ളൂ.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി ആൻഡേഴ്സ് റാസ്മുസന്റെ നേതൃത്വത്തിലുള്ള ലിബറൽ-യാഥാസ്ഥിതിക വിഭാഗങ്ങളും തീവ്ര വലതുപക്ഷ കക്ഷിയായ ഡാനിഷ് പീപ്പ്ൾസ് പാർട്ടിയും ചേർന്ന മുന്നണിക്ക് നേരിയ ഭൂരിപക്ഷമേ ലഭിച്ചുള്ളൂ. 179 അംഗ പാർലമെന്റിൽ 90 സീറ്റ്. കുടിയേറ്റ/ അറബ് വിരുദ്ധത തന്നെയായിരുന്നു ഇത്തവണയും ഈ മുന്നണിയുടെ തുറുപ്പ് ചീട്ട്. സോഷ്യൽ ഡെമോക്രാറ്റുകളുടെ പ്രതിപക്ഷ മുന്നണിക്ക് 81 സീറ്റ് ലഭിച്ചു. നാസർ ഖദിറിന്റെ ന്യൂ അലയൻസ് എന്ന പുതിയ പാർട്ടിക്ക് പ്രതീക്ഷിച്ച പ്രകടനം കാഴ്ചവെക്കാനായില്ല.ഇരു മുന്നണികളും ബലാബലം നിൽക്കുന്ന പോരാട്ടത്തിൽ പുതിയ പാർട്ടി നിർണായക വിജയം നേടുമെന്ന് പ്രവചിക്കപ്പെട്ടെങ്കിലും അവർക്ക് അഞ്ച് സീറ്റേ നേടാനായുള്ളൂ. സംഘാടന ശേഷിയും പക്വതയും തെളിയിച്ച നാസർ ഖദിർ ഡാനിഷ് രാഷ്ട്രീയത്തിലെ പുതിയ താരോദയമെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നു. ■